LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥൻമാരുമായി നിയമസഭാ മന്ദിരത്തിൽ കൂടിയ യോഗം 14-7-2015-ൽ ആയിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത മൃഗവൻ പേരുടെയും വിവരങ്ങൾ ലഭ്യമല്ല. സംസ്ഥാനത്തെ 14 ജില്ലകളിലും തെരുവുനായ്ക്കൾക്ക് ABC പ്രോഗ്രാം നടത്തുകയും വാക്സിനേഷൻ നൽകുകയും ചെയ്യുന്ന പ്രവർത്തനം ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ജില്ലാ ആസ്ഥാനങ്ങളിലുള്ള നഗരസഭാ ചെയർമാൻമാർ, നഗരകാര്യം, പഞ്ചായത്ത്, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരെയും ഉൾപ്പെടുത്തിയുള്ള യോഗമാണ് നടത്തിയത്. ശ്രീമതി മേനകാ ഗാന്ധിയുടെ സംഘടനയെ പ്രതിനിധീകരിച്ച് യോഗത്തിൽ ആരും പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ ശ്രീമതി മേനകാ ഗാന്ധിയുടെ സംഘടനയിൽപ്പെട്ടവരെ യോഗത്തിൽ ക്ഷണിച്ചിരുന്നില്ല.

(ബി) ഇതുസംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും ബഹു. കോടതി ഉത്തരവുകളും പൊതുവായി ചർച്ച ചെയ്തു. (പകർപ്പുകൾ അനുബന്ധമായി വച്ചിട്ടുണ്ട് *)

(സി) തെരുവുനായ്ക്കളെ കൊല്ലുന്നത് സംബന്ധിച്ച് ഈ സർക്കാർ കാലയളവിൽ സർക്കുലറുകളോ, ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന ഓംബുഡ്സ്മാൻ 2004-ൽ പുറപ്പെടുവിച്ച ഉത്തരവ് അനുബന്ധം 2 ആയി വച്ചിട്ടുണ്ട്. *

(ഡി) ഈ വിഷയം സംബന്ധിച്ച് നിലവിൽ സുപ്രീംകോടതിയിൽ എത്ര കേസുകൾ നിലനിൽക്കുന്നു എന്നത് സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. ഗോവ ഹൈക്കോടതി 2008-ൽ തെരുവുനായ്ക്കളെ സംബന്ധിച്ച് പുറപ്പെടുവിച്ച ഒരു വിധി സുപ്രീംകോടതിയുടെ പരിഗണനയിലുള്ള ഒരു വിഷയമാണ്. പ്രസ്തുത കേസ് SLP 691/2009-ൽ കക്ഷി ചേരാനായി കേരള സർക്കാർ അഡ്വ. ലിസ് മാത്യുവിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ എന്നീ തസ്തികകളിലെ ഒഴിവുകൾ

8(5587) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ എന്നീ തസ്തികകളിലെ ഒഴിവുകൾ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ തസ്തികകളിലെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണ് ;

(ഡി) ഈ തസ്തികകളിലെ റിപ്പോർട്ട് ചെയ്ത വേക്കൻസികളിലുള്ള നിയമനം എന്നത്തേക്ക് നടത്തുമെന്ന് വ്യക്തമാക്കാമോ ;

(ഇ) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ, തസ്തികകളിലേക്ക് ആകെ 426 ഒഴിവുകളും പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ തസ്തികകളിലേക്ക് ആകെ 46 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ 150 ഒഴിവുകളിലേക്ക് നിയമന ശിപാർശ നടപടികൾ പുരോഗമിക്കുന്നു. പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ തസ്തികകളുടെ റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേക്കും നിയമന ശിപാർശ നടത്തിയിട്ടുണ്ട്.

(ഇ) യൂണിഫോംഡ് ഫോഴ്സിലേക്ക് വാർഷിക വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്ക് 12-3-2015-ൽ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് 26.09.2015-ന് ഒ.എം.ആർ. പരീക്ഷ നിശ്ചയിച്ചിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികളിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി.-യിൽ നടപടികൾ പുരോഗമിക്കുന്നു. ഈ സാഹചര്യത്തിൽ നിലവിലെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുവാൻ ശിപാർശ ചെയ്യുന്നത് അഭികാമ്യമല്ല.

കുമാരി സീതാലക്ഷ്മിക്ക് കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിൽനിന്നും ടി.സി.

9(5588) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 അദ്ധ്യയന വർഷം ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് ഒ.ഇ.സി. ക്വാട്ട (തിയ്യ)യിൽ അഡ്മിഷൻ ലഭിച്ചിരുന്ന B-Tech വിദ്യാർത്ഥിനിയായിരുന്ന കുമാരി സീതാലക്ഷ്മിക്ക് ടി.സി.യും സർട്ടിഫിക്കറ്റുകളും തിരികെ ലഭിക്കുന്നത് സംബന്ധിച്ച് ഗവ.സെക്രട്ടേറിയറ്റിലെ ഫയൽ എഡ്യൂക്കേഷൻ വകുപ്പിലെ (2272/J/H എഡ്യൂക്കേഷൻ/15) ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly